പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.T.4034

19/03/2018 ൽ
മറുപടിക്ക്

## കശുവണ്ടി ശേഖരണം സർക്കാർ ഏജൻസിക്ക് നൽകുവാൻ നടപടി

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർകോട് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുവണ്ടി ശേഖരിക്കുന്നതിന് കഴിഞ്ഞ വർഷം ആർക്കാണ് അനുമതി നൽകിയിരുന്നത്; | (എ) കാസർകോട് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ്, രാജപുരം, ചീമേനി, ആദൂരി, മുളിയാരി, പെർല, പെരിയ,പൈനിക്കര,പാണത്തൂർ, കമ്മാടി, നാട്ടുകാണി എന്നീ ഡിവിഷനുകളിൽ നിന്ന് കശുവണ്ടി ശേഖരിക്കുന്നതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും കഴിഞ്ഞ വർഷം അനുമതി നൽകിയിരുന്നു. |
| (ബി) സർക്കാർ ഏജൻസി കശുവണ്ടി ശേഖരണം നടത്തുക വഴി ജില്ലയിലെ മറ്റു ചെറുകിട കർഷകർക്ക് കശുവണ്ടിക്ക് ഉയർന്ന വില കഴിഞ്ഞ വർഷം ലഭ്യമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഈ വർഷവും കശുവണ്ടി ശേഖരണം സർക്കാർ ഏജൻസിക്കുതന്നെ നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ഡി) ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | (സി) & (ഡി) ഈ വർഷവും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ പോലെയുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ടു പോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും ലഭിക്കില്ല. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, |

കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനുമായി നൽകുന്നതിന് ധാരണയാകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ നേരിട്ട് നടത്തിയ ടെന്റർ എടുത്തവരിൽ നിന്ന് തോട്ടണ്ടി കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നും ടെന്റർ ചെയ്യാൻ ബാക്കിയുള്ള തോട്ടങ്ങളിലെ തോട്ടണ്ടി ശേഖരിച്ച് കോർപറേഷനും കാപെക്സിനും നൽകുന്ന രീതിയിൽ ടെന്റർ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നും സംയുക്ത മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ